**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 37** **05-12-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ; ഇതിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഇനി എത്ര ഒഴിവുകളാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ളതെന്നും അറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ 7(ഏഴ്) ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | 2023 നവംബർ മാസത്തിനു മുൻപ് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകളുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | 2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ 08/11/2022 ലെ ഉപ.സി3/100/2022/ഉഭപവ നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | മലപ്പുറം ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ എത്ര വീതം എൽ.ഡി. ടൈപ്പിസ്റ്റുമാരുടെ അനുവദനീയമായ തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (സി) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നിർദ്ദേശം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നൽകിയിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളിൽ/ കാര്യാലയങ്ങളിൽ നിന്ന് ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്നത് ഉറപ്പ് വരുത്തുന്നതിലേക്ക് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ)വകുപ്പ് നേരിട്ട് പരിശോധന നടത്തി വരുന്നുണ്ട്. |
| (ഡി) | എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികളിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന ആക്ഷേപം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ട നിർദ്ദേശം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നൽകിയിട്ടുണ്ട്.<br><br>വിവിധ വകുപ്പുകളിൽ/ കാര്യാലയങ്ങളിൽ നിന്ന് ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുണ്ട് എന്നത് ഉറപ്പ് വരുത്തുന്നതിലേക്ക് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് |

| | | | |
|---|---|---|---|
| | | | സെൽ)വകുപ്പ് നേരിട്ട് പരിശോധന നടത്തി വരുന്നുണ്ട്. |
| (ഇ) | മലപ്പുറം ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ എത്രപേർ വീതം എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ താല്കാലിക അടിസ്ഥാനത്തിൽ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ